**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5279** **05-07-2024 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ പാടശേഖര സമിതികൾ നൽകിയ നിവേദനത്തിന്മേലുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിൽ മാഞ്ഞൂർ പഞ്ചായത്തിലെ മേൻമുറിയിലെ കർഷകർക്ക് രൂക്ഷമായ വോൾട്ടേജ് ക്ഷാമം കാരണം മോട്ടോർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യം ചൂണ്ടിക്കാട്ടി ആയതിന് പരിഹാരം കാണണം എന്നാവശ്യപ്പെട്ട് മേൻമുറി ന്യൂറപറ പടിഞ്ഞാറെപ്പുറം നെല്ല് ഉല്പാദക സമിതി സെക്രട്ടറി നൽകിയിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടി വിശദീകരിക്കാമോ; | (എ) | **വോൾട്ടേജ് ക്ഷാമം സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി. *Project Management Sub Unit (PMSU)* പദ്ധതി പ്രകാരം പുതിയ വൈദ്യുതി ലൈൻ വലിച്ച് വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.** |
| (ബി) | കടുത്തുരുത്തി പഞ്ചായത്ത് ആയാംകുടി മാത്താംകരി എ, ബി ബ്ലോക്ക് നെല്ലൽപ്പാദക സമിതിയുടെ പാടശേഖരത്തിന് പുറംബണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിരിക്കുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ? | (ബി) | കടുത്തുരുത്തി പഞ്ചായത്ത് ആയാംകുടി മാത്താംകരി എ , ബി ബ്ലോക്ക് നെല്ലുത്പാദക സമിതിയുടെ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള എസ്റ്റിമേറ്റ്, ഇറിഗേഷൻ വകുപ്പിന് നൽകിയിട്ടുള്ളതും ആയതിന്മേൽ ചേർത്തല മൈനർ ഇറിഗേഷൻ ആഫീസിൽ നടപടി സ്വീകരിച്ചു വരുകയും ചെയ്യുന്നു. പ്രസ്തുത പ്രവൃത്തിക്കു വേണ്ടി 2023-24 ൽ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി 6 കോടി 52 ലക്ഷത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കി സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി ലഭിച്ചില്ല. തുടർന്ന് 2024-25 ലെ കുട്ടനാട് ഡെവലപ്മെന്റ് ആക്ഷൻ പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 75 ലക്ഷം രൂപയുടെ പ്രൊപ്പോസൽ ജലവിഭവ വകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ